കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി5-1309/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ, തീയതി: 21.11.2016,

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-2,3-13 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി5-1309/16 തിയതി: 21.11.2016

# ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2016 മുതൽ 30.10.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 03.11.2016 മുതൽ 16.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജ്യോതിമോൻ സി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. രാജിമോൾ പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. എം.എസ് ജഗദംബ<br>ശ്രീമതി. സേതുലക്ഷ്മി.വി.എ | 01.4.2015 മുതൽ 31.10.2015 വരെ<br>01.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ. പി ഉദയസിംഹൻ | 01.04.15 മുതൽ 31.13.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| ഫിഷറിസ് സബ് ഇൻസ്പെക്ടർ. | | ശ്രീ. ബെന്നി വില്യം | 01.04.15 മുതൽ 31.13.16 വരെ |
| വി ഇ ഓ, അരീപ്പറമ്പ്. | | ശ്രീമതി. റീജ ജോസഫ് | 01.04.15 മുതൽ 31.13.16 വരെ |
| വി ഇ ഒ, അർത്തുങ്കൽ | | ശ്രീമതി. രശ്മി.കെ പിള്ള | 01.04.15 മുതൽ 31.3.16 വരെ |
| വിഇഒ, തൈക്കൽ | | ശ്രീമതി. ബിജിമോൾ<br>ശ്രീ. പി.ജെ മാത്യു | 01.04.15 മുതൽ 05.06.15 വരെ<br>05.06.15 മുതൽ 31.3.16 വരെ |
| ഹെഡ്മിസ്ട്രസ്,എൽ.പി സ്കൂൾ | | ശ്രീമതി. ശ്രീകല.കെ | 01.04.15 മുതൽ 31.3.16 വരെ |

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | | ഡോ.ശാലിനി വിൽക്കിൻസൺ | 01.04.15 മുതൽ 31.3.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി. പി. സിനിമോൾ | 01.04.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | | ശ്രീ. എൻ.ജി.വ്യാസ് | 01.04.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ , പിഎച്ച്സി | | ഡോ. സിമിലാൽ.എച്ച് | 01.04.15 മുതൽ 31.13.16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | | ശ്രീമതി. ഇന്ദിര<br>ശ്രീമതി. തങ്കമ്മ കെ.എൻ | 01.04.15 മുതൽ 21.12.15 വരെ<br>22.12.15 മുതൽ 31.13.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | | ഡോ. ലിന്റാ സാമുവൽ | 01.04.15 മുതൽ 31.13.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ. സെബാസ്റ്റ്യൻ | 01.04.15 മുതൽ 31.13.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.ഷാനജ<br>ശ്രീമതി. പ്രസീജ ആർ | 01.04.15 മുതൽ 14.05.16 വരെ<br>15.05.15 മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| 2 | 2-1 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ |
| 3 | 2-2 | ഇലക്ഷൻ നോമിനേഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. |
| ഭാഗം – 3 | | |
| 4 | 3-1 | പഞ്ചായത്ത് ഓഡിറ്റോറിയം ഫർണീഷിംഗ്- സപ്ലൈ ഓർഡറിൽ നിന്നും വ്യത്യസ്തമായി സാധനങ്ങൾ വാങ്ങി. |
| 5 | 3-2 | ആശ്രയ പദ്ധതി- അഗതികൾക്കായി വാങ്ങിയ സ്ഥലം നാളിതുവരെ വിനിയോഗിച്ചില്ല. |
| 6 | 3-3 | അംഗൻവാടി ഫർണ്ണീച്ചർ , കളിപ്പാട്ടം വാങ്ങൽ- അധിക നികുതി നല്കിയതിനാൽ നഷ്ടം |
| 7 | 3-4 | എസ്.ടി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ- അധിക വില നല്കി,വിതരണവിവരങ്ങളില്ല |
| 8 | 3-5 | ഹരിതഗ്രാമം പദ്ധതി-അപാകങ്ങൾ |
| 9 | 3-6 | പദ്ധതിപ്പണം ചെലവഴിക്കാതെ കൈവശം സൂക്ഷിക്കുന്നു |
| 10 | 3-7 | അംഗൻവാടി അധിക വേതനം-തുക നൽകിയിട്ടില്ല |
| 11 | 3-8 | മരാമത്ത് വേലകളിൽ ഗുഡ് ഗ്രാവലി എർത്ത് ഫില്ലിംഗ് നിരീക്ഷിത നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി. |
| 12 | 3-9 | എസ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ- മുഴുവൻ പേർക്കും വിതരണം ചെയ്തിട്ടില്ല |
| 13 | 3-10 | ജാതി കൃഷി വ്യാപനം കൂടിയ നിരക്കിന് അനുബന്ധരേഖകളില്ല |
| 14 | 3-11 | വിദ്യാർത്ഥിനികൾക്ക് പഠനമുറി -ആനുകൂല്യം നൽകിയത് മാർഗ്ഗരേഖ പ്രകാരമല്ല |

| | | |
|---|---|---|
| 15 | 3-12 | മുച്ചക്രവാഹനം വിതരണ പദ്ധതി - അർഹതയില്ലാത്തയാളിന് ധനസഹായം നൽകി |
| 16 | 3-13 | ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് അധിക പലിശ ബാധ്യത |
| 17 | 3-14 | പാലിയേറ്റീവ് കെയർ (Project no-0064/15)-അനുവദിനീയമല്ലാത്ത ചെലവുകൾ |
| 18 | 3-15 | മത്സ്യത്തൊഴിലാളികൾക്ക് 'മത്സ്യബന്ധന വല വിതരണം' പദ്ധതിയിലെ അപാകതകൾ |
| 19 | 3-16 | കാൻസർ നിർണ്ണയ പരിപാടി -പദ്ധതി അനുബന്ധ ചെലവിനത്തിൽ വൻതുക |
| 20 | 3-17 | വട്ടവെളി കോളനി റോഡ് മെറ്റലിംഗ്- അപാകതകൾ |
| 21 | 3-18 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തികൾക്ക് ഇൻകം ടാക്സ് ഈടാക്കായില്ല. |
| 22 | 3-19 | വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. |
| 23 | 3-20 | ഭൂമി വാങ്ങൽ -റ്റി.എസ്.പി അപാകതകൾ |
| 24 | 3-21 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങലിലെ അപാകങ്ങൾ |
| ഭാഗം – 4 | | |
| 25 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 26 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1 ബജറ്റ്

2015-16 പുതുക്കിയ ബജറ്റ് 16.3.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

വരവ് – 13,96,35,400/-

ചെലവ് – 14,58,53,213/-

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.16 | 22.06.16 |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് :- 37410962

വരവ് :- 52582521

ആകെ :- 89993483

ചെലവ് :- 65312565

നീക്കിയിരിപ്പ് :- 24680918

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10842841 | 5018696 | 15861537 | 15861537 | 00 | 100 |
| വികസനഫണ്ട് എസ്.സി.പി. | 304000 | 5574319 | 5878319 | 5878319 | 00 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 399840 | 399840 | 399840 | 00 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1491893 | 3656481 | 5148344 | 5148344 | 00 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2712009 | 1541112 | 4253121 | 4253121 | 00 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1203988 | 7353431 | 8557419 | 8557419 | 00 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 00 | 4068775 | 4068775 | 4068775 | 00 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 00 | 785563 | 785563 | 744753 | 40810 | |
| ബി ഫണ്ട് | 00 | 1900988 | 1900988 | 1900988 | 00 | 100 |

മേൽ കണക്കിൽ എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ ഇ.എഫ്.എം.എസ് ട്രാൻസാക്ഷൻ ആയി 61981000/- രൂപയും ബി ഫണ്ട് ഡി.ബി.റ്റി ട്രാൻസാക്ഷൻ 27818335/- രൂപയും ഉൾപ്പെടുത്തിയിട്ടില്ല.

കുറിപ്പ്- വികസനഫണ്ട് എസ്.സി.പി, ടി.എസ്.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എൽ.ജി.എസ്.ഡി.പി ഗ്രാന്റ് എന്നിവയുടെ മുന്നിരിപ്പിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരം വികസനഫണ്ട് iiaയിലേക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്ത തുകകളായ യഥാക്രമം 2937839, 22840, 1110137, 5076068രൂപ കുറവ് ചെയ്താണ് പ്രസ്തുത അക്കൗണ്ടുകളുടെ മുന്നിരിപ്പ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ഈ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ തൻവർഷത്തെ വരവിൽ നിന്നും ട്രാൻസഫർ ക്രെഡിറ്റ് ചെയ്ത 3328637രൂപയും വികസനഫണ്ട് iia യുടെ മുന്നിരിപ്പിനോടൊപ്പം

കുട്ടിയെടുത്തിരിക്കുന്നു.

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ തൻവർഷത്തെ വരവിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 3328637രൂപ പ്രസ്തുത അക്കൗണ്ടിൽ നിന്നും കുറവ് ചെയ്യാതെ വരവായി തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള വരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 661401821 | 123 | 47281295 | 9 | 26 | 78% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-) 23 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4580328 | 3434508 | 1145820 | (-) 25 |
| നികുതിയേതര വരവുകൾ | 523398 | 392539 | 130859 | (-) 25 |
| മറ്റുവരവുകൾ | 180760 | 246498 | 65738 | (+) 36 |
| ആകെ | 5284486 | 4073545 | - 1210941 | (-) 23 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,38,200 | 927 |
| കർഷകതൊഴിലാളി പെൻഷൻ | 52,02,060 | 644 |
| വിധവാ പെൻഷൻ | 80,25,520 | 866 |
| വാർദ്ധക്യകാല പെൻഷൻ | 74,64,420 | 2365 |
| വികലാംഗ പെൻഷൻ | 53,20,375 | 514 |
| അവിവാഹിത പെൻഷൻ | 18,05,960 | 180 |
| വിവാഹ ധനസഹായം | 4,50,000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 36,492/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.9.2016 | 09/2016 | 05.08.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.2.2016 | 2010-11 to 2014-15 | 26.03.16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2015-16ലെ അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പേരും തസ്തികയും | അർദ്ധ വർഷ വരുമാനം | | ഈടാ ക്കേണ്ട നികുതി | ഈടാക്കിയ നികുതി രസീത് നം | കുറവ് |
|---|---|---|---|---|---|---|---|
| | | | 1st | 2nd | | | |
| 1 | എൽ.പി.എസ്, കുറുപ്പംകുളങ്ങര | അന്നമ്മ പിടിസിഎം | - | 55872/- | 450/- | 300/- 11502103526 തീ. 27.02.16 | 150/- |
| 2 | പോസ്റ്റ് ഓഫീസ്, കുറുപ്പംകുളങ്ങര | ഗിരീഷ് കുമാർ.കെ.ആർ, GDSMD | - | 65091/- | 600/- | 450/- 11502103530 തീ. 27.02.16 | 150/- |
| 3 | സെന്റ് ഫ്രാൻസീസ് അസ്സീസി ഹയർ സെക്കന്ററി സ്കൂൾ , അർത്തുങ്കൽ | സേവ്യർ കെ.എസ്, ലാബ് അസിസ്റ്റന്റ് | - | 131342/- | 1250/- | 1000/- 11502103577 തീ. 29.02.16 | 250/- |
| 4 | “ | കുഞ്ഞുമോൻ അഗസ്റ്റ്യൻ, ലാബ് അസിസ്റ്റന്റ് | - | 131342/- | 1250/- | 1000/- 11502103577 തീ. 29.02.16 | 250/- |
| 5 | ട്രാവൻകൂർ കോകോ ടഫ്റ്റ് | കൃഷ്ണൻകുട്ടി കെ | - | 73785/- | 600/- | 300/- 11502500010 തീ. 24.02.16 | 300/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | " | ബാലചന്ദ്ര കുറുപ്പ് | - | 50182/- | 450/- | 300/- 11502500010 തീ. 24.02.16 | 150/- |
| 7 | വെൽ പാർക്ക് ഇൻഡസ്ട്രീസ് | സുഭാഷ്. ഡി, വർക്കർ | 46200/- | | 450/- | 300/- B1-9999/15 തീ. 29.09.15 | 150/- |
| ആകെ കുറവ് | | | | | | | 1400/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2015-16 ലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയവ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| സ്ഥാപനം | Ist അർദ്ധ വർഷം | | 2nd അർദ്ധ വർഷം | |
|---|---|---|---|---|
| | ഡിമാന്റ് | പണം ഒടുക്ക് | ഡിമാന്റ് | പണം ഒടുക്ക് |
| സിഡ്കോ | ലഭ്യമല്ല | ഒടുക്കിയിട്ടില്ല | ലഭ്യമല്ല | ഒടുക്കിയിട്ടില്ല |
| മിൽക്ക് സൊസൈറ്റി, ചേർത്തല സൗത്ത് | " | " | " | " |
| മിൽക്ക് സൊസൈറ്റി, തൈക്കൽ | " | " | " | " |
| കയർ സൊസൈറ്റി, ചേർത്തല സൗത്ത് | " | " | " | " |
| സൊഫൈൻ ഡെക്കേഴ്സ് | " | " | " | " |
| ലൂംക്രാഫ്റ്റ് തിരുവിഴ | " | " | " | " |
| അരേശ്ശേരി സ്കൂൾ | " | " | " | " |
| മെക്കാനിക്കൽ അസ്സംബ്ലി സിസ്റ്റം | " | " | " | " |
| സതേൺ റെയിൽവേ | " | " | 16300/- 1150240024 തീ. 22.03.16 | ഒടുക്കിയിട്ടുണ്ട്. |

3. <u>തൊഴിൽ നികുതി രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്</u>

തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങളടങ്ങുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് പഞ്ചായത്ത് നോട്ടീസ് നൽകേണ്ടതുമാണ്. എന്നാൽ വ്യാപാര സ്ഥാപനങ്ങളെ സംബന്ധിച്ച് ഇത്തരത്തിൽ ഒരു രജിസ്റ്ററോ ട്രേഡേഴ്സ് ലിസ്റ്റോ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. 2015-16 വർഷത്തെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡി&ഓ രജിസ്റ്ററിലാണ് തൻവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള കച്ചവട സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ

രജിസ്റ്റർ പ്രകാരം ഡി.സി.ബി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതുപ്രകാരമുള്ള ഡിമാൻറ് തുകയും കളക്ഷൻ തുകയും ഒന്നുതന്നെയായതിനാൽ ബാലൻസ് ഇല്ല. തന്മൂലം മുൻവർഷങ്ങളിൽ നികുതി ഒടുക്കുകയോ /കുടിശ്ശിക വരുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ തൻവർഷം നികുതി ഒടുക്കാൻ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ട്രേഡ്സ് ലിസ്റ്റ്, തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്.

## 2-2 ഇലക്ഷൻ നോമിനേഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

അക്കൗണ്ട്സിലെ ഷെഡ്യൂൾ RP36 പ്രകാരം ഇലക്ടഡ് റെപ്രസെന്റേറ്റീവ്സ് കൺട്രോൾ അക്കൗണ്ടിൽ നോമിനേഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 127500/- രൂപ ലഭിച്ചതിൽ അപേക്ഷ ലഭിച്ചതനുസരിച്ച് അർഹരായവർക്ക് 81500/- രൂപ തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 പ്രകാരം ഇപ്പോഴും 46000/- രൂപ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഡിറ്റോറിയം ഫർണീഷിംഗ്- സപ്ലൈ ഓർഡറിൽ നിന്നും വ്യത്യസ്തമായി സാധനങ്ങൾ വാങ്ങി.

പ്രോജക്ട് – 8/16

ബിൽ നമ്പർ – 32/15-16, 23.3.16. 270221/- രൂപ

പഞ്ചായത്ത് ഓഡിറ്റോറിയം ഫർണീഷിംഗ് പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച KADCO യിൽ നിന്നുമാണ് ഫർണീഷിംഗിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. KADCO സമർപ്പിച്ച ടെണ്ടർ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വില വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നിരക്ക് |
|---|---|---|
| 1 | ഡയസ് ടേബിൾ, ആഞ്ഞിലിതടി 3m x 90cm | 18000 |
| 2 | ഡയസ് ചെയർ ആഞ്ഞിലിതടി | 5500 |
| 3 | ഫൈബർ കസേര കൈ ഇല്ലാത്തത് | 435 |
| 4 | പ്രസംഗ പീഠം ആഞ്ഞിലിതടി | 5500 |
| 5 | സൗണ്ട് സിസ്റ്റം 4.1 | 33000 |

വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിൽ SIDCO മാത്രമാണ് LCD പ്രൊജക്ഷൻ സ്ക്രീൻ എന്ന ഇനത്തിന് നിരക്ക് (3250+14.5%vat) രേഖപ്പെടുത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ KADCO യിൽ നിന്നുമാണ് മേൽ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. KADCO സമർപ്പിച്ച ടെണ്ടറിൽ സാധനങ്ങളുടെ യൂണിറ്റ് നിരക്കിനോടൊപ്പം മൂല്യ വർദ്ധിത നികുതി പ്രത്യേകം ചേർക്കുകയോ/ യൂണിറ്റ് നിരക്കിന് പുറമേ പ്രത്യേകം ഈടാക്കുന്നതാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നികുതി ഉൾപ്പെടെയുള്ള നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യകക്തമാണ്. എന്നാൽ മേൽ സാധനങ്ങൾക്ക് 14.5% നികുതി കൂടി KADCO ഈടാക്കിയിട്ടുണ്ട്. കൂടാതെ നിരക്ക് രേഖപ്പെടുത്തിയിട്ടില്ലാത്ത LCD പ്രൊജക്ഷൻ സ്ക്രീൻ KADCO യിൽനിന്നും വാങ്ങിയിട്ടുണ്ട്.

5.2.2016 ലെ 6-ം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനം അനുസരിച്ച് 8.3.2016ൽ A2-8826/15 നമ്പറായി ഗ്രാമ പഞ്ചായത്ത് കാഡ്കോയ്ക്ക് നൽകിയ സപ്ലൈ ഓർഡർ പ്രകാരം താഴെ പറയുന്ന സാധനങ്ങൾ ഓർഡർ കൈപ്പറ്റി ഏഴ് ദിവസത്തിനകം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

1. ഡയസ് ടേബിൾ - 1 (ആഞ്ഞിലിതടി 3 മീ. x 90 സെ.മീ.)

2. ഡയസ് ചെയർ -15(ആഞ്ഞിലിതടി)
3. ഫൈബർ കസേര കൈ ഇല്ലാത്തത് -200
4. പ്രസംഗ പീഠം -1 (ആഞ്ഞിലിതടി)
5. സൗണ്ട് സിസ്റ്റം -4.1
6. എൽ.സി.ഡി.പ്രൊജക്ഷൻ സ്ക്രീൻ -1

ഇത് പ്രകാരം ആഞ്ഞിലിതടിയുടെ ഫർണീച്ചറാണ് വാങ്ങുവാൻ സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഇതിൽ ഡയസ് ടേബിളിന്- (ആഞ്ഞിലിതടി 3 മീ. x 90 സെ.മീ.) കാഡ്കോ രേഖപ്പെടുത്തിയിരുന്ന നിരക്ക് 18000/- രൂപയാണ്. എന്നാൽ ഇതിന് 23000/- രൂപയും 14.5% നികുതിയും ഈടാക്കിയിട്ടുണ്ട്. തന്മൂലം ടി.ഇനത്തിന്റെ വിലയിനത്തിൽ മാത്രം 5000/- രൂപ അധികചെലവുണ്ടായിട്ടുണ്ട്.

മേൽ സാധനങ്ങൾക്ക് ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം നികുതി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി. നിരക്കിൽ നികുതിയും ഉൾപ്പെടുമെന്നിരിക്കെ നികുതിയിനത്തിൽ 34220/-, (236000 x 14.5%) രൂപ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17) ലഭ്യമാക്കിയ മറുപടിയിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, 2013 ലെ റിവൈസ്ഡ് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം സർക്കാർ സ്ഥാപനങ്ങൾ തേക്ക്, ഈട്ടി, പ്രോസസ്ഡ് വുഡ് എന്നിവ കൊണ്ടുള്ള തടി ഫർണീച്ചർ സാധനങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശമുണ്ടെന്നും, ഈ സാഹചര്യത്തിൽ കാഡ്കോയുമായി സംസാരിച്ച് ആഞ്ഞിലിതടിയുടെ നിരക്കിൽ തേക്ക് തടിയിലുള്ള ഡയസ് ചെയർ സപ്ലൈ ചെയ്തെന്നും ഡയസ് ടേബിൾ റബ് വുഡിൽ ചെയ്തത് 30000/- രൂപ എന്നത് 23000/- രൂപയായി കുറയ്ക്കുവാൻ സാധിച്ചെന്നും പറഞ്ഞിരിക്കുന്നു. കൂടാതെ നികുതി അധികമായി നൽകണമെന്ന് കാഡ്കോ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അവകാശപ്പെട്ടിരിക്കുന്നു. എന്നാൽ കാഡ്കോയുടെ ടെണ്ടറിൽ അപ്രകാരമൊരു രേഖപ്പെടുത്തലില്ല. കൂടാതെ കാഡ്കോയുമായി സംസാരിച്ചതിന്റേയോ അപ്രകാരം സംസാരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റേയോ രേഖകളില്ല. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. തന്നെയുമല്ല മേൽപറഞ്ഞ വിധം ആഞ്ഞിലിതടി കൊണ്ടുള്ള ഫർണീച്ചർ സർക്കാർ സ്ഥാപനങ്ങൾ വാങ്ങരുതെന്ന് നിർദ്ദേശമുണ്ടെന്ന് മുൻകൂട്ടി അറിയാമായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത വിവരം പഞ്ചായത്ത് കമ്മറ്റിയെ ബോധിപ്പിക്കാതെയും കമ്മറ്റിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി, കമ്മറ്റിയുടെ അംഗീകാരമില്ലാതെ സപ്ലൈ ഓഡറിന് വിരുദ്ധമായിസാധനങ്ങൾ വാങ്ങിയതും ക്രമ വിരുദ്ധമാണ്.കൂടാതെ നിരക്ക് ക്വോട്ട് ചെയ്തിട്ടില്ലാത്ത എൽ.സി.ഡി പ്രൊജക്ഷൻ സ്ക്രീൻ കാഡ്കോയിൽ നിന്നും വാങ്ങിയതും ക്രമ വിരുദ്ധമാണ്. ആയതിനാൽ മേൽ പറഞ്ഞവിധം ആകെ അധികം നൽകിയ 39220/- (5000 + 34220) രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

കൂടാതെ 2015-16ൽ തന്നെ പ്രോജക്റ്റ് നമ്പർ 57/16 അംഗനവാടികൾക്ക് ഫർണീച്ചർ, കളിപ്പാട്ടം എന്ന പദ്ധതി പ്രകാരം 999971/- രൂപയുടെ ഫർണീച്ചർ കാഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള അപാകതകൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ കാഡ്കോയിൽ നിന്നുള്ള വാങ്ങലുകളിന്മേൽ വകുപ്പ് തല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-2 ആശ്രയ പദ്ധതി- അഗതികൾക്കായി വാങ്ങിയ സ്ഥലം നാളിതുവരെ വിനിയോഗിച്ചില്ല.

ആശ്രയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ അർത്തുങ്കൽ എസ്.ബി.ഐ ശാഖയിലുള്ള അക്കൗണ്ടിൽ 3.11.2016ൽ 22,42,451/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ ഭൂമിവാങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി 10.6.2005ൽ ലഭിച്ച 253500/- രൂപയിൽ, അഗതികളായ ആറ് ഗുണഭോക്താക്കൾക്ക് മൂന്ന് സെന്റ് ഭൂമി വീതം വാങ്ങുന്നതിന് (മൂന്ന് സെന്റിന് 19200/- രൂപ നിരക്കിൽ), പോക്ക് വരവ് ചാർജ്ജ് ഉൾപ്പെടെ 115700/- രൂപ ചെലവഴിച്ച് ചേർത്തല തെക്ക് വില്ലേജിൽ ഭൂമി വാങ്ങിയിട്ടുണ്ട്. ഇതിൽ അഞ്ച് ഗുണഭോക്താക്കൾ ഭൂമി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ആറാമത്തെ ഗുണഭോക്താവായ ചേർത്തല തെക്ക് വില്ലേജിൽ, തപാൽ അതൃത്തിയിൽ നിവർത്തിൽ ഇമ്മാനുവൽ ഭാര്യ ഗ്രേയ്സി ഇമ്മാനുവലിനായി വാങ്ങിയ, (ചേർത്തല സബ്ബ് രജിസ്ട്രാർ ഓഫീസിൽ 5.12.2005ൽ 2992/05 നമ്പർ ആധാരം) ചേർത്തല തെക്ക് വില്ലേജിൽ സർവ്വേ നമ്പർ 169/21A യിൽപ്പെട്ട 1.21ആർ പുരയിടം ടിയാൾ നാളിതുവരെ കൈപ്പറ്റിയിട്ടില്ല. സ്ഥലം

വാങ്ങി പത്ത് വർഷങ്ങൾ കഴിഞ്ഞും ഈ വസ്തു വിനിയോഗിക്കപ്പെടാതെ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. പ്രസ്തുത ഗുണഭോക്താവിന് ഈ വസ്തു ആവശ്യമില്ലെങ്കിൽ ആവശ്യക്കാരായ തൊട്ടടുത്ത ഗുണഭോക്താവിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്ഥലം വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി ലഭ്യമായ തുക ഇപ്പോഴും നിഷ്ക്രിയ നിക്ഷേപമായി ബാങ്ക് അക്കൗണ്ടിൽ തുടരുന്നു. ഭവന നിർമ്മാണത്തിനായി ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തിയതി | തുക |
|---|---|
| 12.5.2006 | 280000 |
| 3.9.2006 | 40000 |
| 7.5.2007 | 262500 |
| 19.5.2008 | 30000 |
| 19.5.2008 | 250000 |
| 10.3.2016 | 250000 |

ഭവന നിർമ്മാണത്തിനായി അനുവദിച്ച തുകകൾ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുമ്പോഴും 2016ൽ വീണ്ടും പദ്ധതി ആവിഷ്കരിച്ച് സി.ഡി.എസ് അക്കൗണ്ടിലേക്ക് തുക കൈമാറിയത് പദ്ധതി പണത്തിന്റെ ചെലവ് പെരുപ്പിച്ച് കാണിക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. നിഷ്ക്രിയമായി അവശേഷിക്കുന്ന തുക പ്രസ്തുത ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 അംഗൻവാടി ഫർണ്ണീച്ചർ , കളിപ്പാട്ടം വാങ്ങൽ- അധിക നികുതി നല്കിയതിനാൽ നഷ്ടം

അംഗൻവാടി ഫർണ്ണീച്ചർ, കളിപ്പാട്ടം വാങ്ങൽ

(പ്രോജക്ട് നം-57/2016)

ബിൽ നം -11/2015-16 Rs.999971 dtd 31.03.16

2015-16 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നടപ്പിലാക്കിയ അംഗൻവാടി ഫർണ്ണീച്ചർ, കളിപ്പാട്ടം വാങ്ങൽ (പ്രോജക്ട് നം. – 57/2016) എന്ന പദ്ധതിക്കായി സാധനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ വെക്കോ ട്രേഡിംഗ്, അഫ്സൽ മെറ്റൽസ്, അൽമന ട്രേഡിംഗ്, സിഡ്കോ, റെയ്ഡ്കോ, കാഡ്കോ എന്നീ സ്ഥാപനങ്ങളാണ് നിരക്കുകൾ ക്വാട്ട് ചെയ്തത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കാഡ്കോയുടെ ടെണ്ടർ 05.02.16 ലെ VI (1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു. കാഡ്കോ 14.03.2016ലെ 178- ാം നമ്പർ റീട്ടെയിൽ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുകയും ബിൽ തുക 25.04.2016 ലെ 097436 നമ്പർ ഡി.ഡി പ്രകാരം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. കാഡ്കോ സമർപ്പിച്ച ടെണ്ടർ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരമാണ് നിരക്ക് നൽകിയിരുന്നത്.

| | | |
|---|---|---|
| 1. | സ്റ്റീൽ ടേബിൾ 20 ഗേജ് (4 x 2 x2.5 ft) | 1746 |
| | -do- | 2300 |
| | -do- (പൗഡർ കോട്ടഡ്) | 2600 |
| 2. | അലമാര 18 ഗേജ് (50 x 30 x 17 inch-light) | 2890 |
| | -do- Heavy | 3190 |
| 3. | പ്ലാസ്റ്റിക് കസേര കൈയുള്ളത് (iso നീൽ കമൽ/ ഫ്രണ്ട് ലി മീഡിയം ബാക്ക്) | 447 |
| 4. | റ്റീൽ റാക്ക് (6 x3) 20 ഗേജ്സ് | 1397 |
| | -do- 18 ഗേജ് | 2600 |
| 5. | ബേബി സൈക്കിൾ | 436 |
| 6. | സ്ലൈഡർ - സാധാരണ | 6986 |

ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്കിന് പുറമേ ടാക്സ് പ്രത്യേകമായി ഈടാക്കുമെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നികുതി ഉൾപ്പെട്ട നിരക്കാണ് സ്ഥാപനം നൽകിയത്. എന്നാൽ ബില്ലിൽ ക്വാട്ട് ചെയ്ത നിരക്കിന് പുറമേ 14.50 % വാറ്റ് ഉൾപ്പെട്ട തുകയാണ് കാണിച്ചിട്ടുള്ളത്. കാഡ്കോയുടെ ബിൽ പരിശോധിച്ചതിൽ ഒരേ സ്പെസിഫിക്കേഷനിലെ സ്റ്റീൽ ടേബിൾ 20 ഗേജിന് (4 x 2 x2.5 ft) 1746 രൂപ, 2300/- രൂപ എന്നിങ്ങനെ ക്വാട്ട് ചെയ്തിരിക്കെ ഉയർന്ന വിലക്കാണ് (2300/- രൂപ) 25 സ്റ്റീൽ ടേബിൾ വാങ്ങിയിട്ടുള്ളത്. കാഡ്കോ യഥാക്രമം 436/- രൂപ, 6080/- രൂപ വീതം ക്വാട്ട് ചെയ്ത ബേബി സൈക്കിൾ, സ്ലൈഡർ എന്നിവക്ക് ബില്ലിൽ 14.50% വാറ്റുൾപ്പടെയുള്ള നിരക്കാണ് ഈടാക്കിയിരിക്കുന്നത്. എന്നാൽ 2003 ലെ കേരള വാറ്റ് നിയമത്തിലെ ഷെഡ്യൂൾ 3 പ്രകാരം സൈക്കിൾ ഉൾപ്പടെയുള്ള കളിപ്പാട്ടങ്ങൾക്ക് വാറ്റ് നികുതി 5% മാത്രമാണ്. ടെണ്ടറിൽ പങ്കെടുത്ത സിഡ്കോ ഉൾപ്പടെ ഈ നികുതി നിരക്കാണ് ക്വാട്ട് ചെയ്തത് എന്നിരിക്കെ ഈ രണ്ടിനങ്ങളുടെ വാറ്റ് നികുതിയിനത്തിൽ മാത്രം 29,094/- രൂപ {(20492 + 285760) x 9.50%} കാഡ്കോക്ക് അധികം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ എൻക്വയറി നൽകിയെങ്കിലും അധികം നൽകിയ നികുതി തിരികെ ഈടാക്കുന്നതാണ് എന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. നിയമപ്രകാരമുള്ളതിലുമധികം നൽകിയ 29094/- രൂപ കാഡ്കോയിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം അധിക തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-4 എസ്.ടി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ- അധിക വില നല്കി, വിതരണവിവരങ്ങളില്ല

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (പ്രോജക്ട് നം – S0059/16)

(ബിൽ നം – 03/2015-16, Rs. 52612/- c/o 22.03.2016)

2015-16 സാമ്പത്തിക വർഷത്തിൽ ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ചേർത്തല നോർത്ത് നടപ്പിലാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (പ്രോജക്ട് നം -S0059/16) പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, യൂണിഫോം, കുട, ചെരുപ്പ്, നോട്ട്ബുക്ക്, പേന, പെൻസിൽ, ബോക്സ് എന്നിവ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി പഠനോപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ഓസ്റ്റിൻ അസോസിയേറ്റ്സ് എന്ന സ്ഥാപനമാണ്. സ്ഥാപനം 21.03.2016ൽ നൽകിയ ബിൽ പ്രകാരം 12 എൽ.പി വിഭാഗം

വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ ഒന്നിന് 2091/- രൂപ നിരക്കിലും 07 യു.പി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ ഒന്നിന് 2392/- രൂപ നിരക്കിലും 4 ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ ഒന്നിന് 2694/- രൂപ നിരക്കിലുമാണ് വാങ്ങിയിട്ടുള്ളത്. ഈ തുക ഡി.ഡി (DD-560797, തീയതി. 22/03/16) പ്രകാരം ഓസ്റ്റിൻ അസോസിയേറ്റ്സിന് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം (സർക്കാർ ഉത്തരവ് നം-362/2013/തസ്വഭവ തിയതി 16.11.2013) പട്ടികവർഗ്ഗ ഉപപദ്ധതികൾ ഖണ്ഡിക 2.7 (3) പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകാവുന്ന പഠനോപകരണ ധനസഹായം എൽ.പി വിഭാഗം വിദ്യാർത്ഥികൾക്ക് പരമാവധി 1900/- രൂപയും യു.പി വിഭാഗം വിദ്യാർത്ഥികൾക്ക് 2000/- രൂപയും ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 2300/- രൂപയുമാണ്. 12 എൽ.പി വിഭാഗം വിദ്യാർത്ഥികൾക്കായി 2292/- രൂപയും 07 യു.പി വിഭാഗം വിദ്യാർത്ഥികൾക്കായി 2744/- രൂപയും 04 ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി 1576/- രൂപയും അധികം ചെലവഴിച്ചിട്ടുണ്ട്. പഠനോപകരണ ധനസഹായം വിതരണത്തിന്റെ രേഖകൾ പരിശോധിച്ചതിൽ 4 ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ വാങ്ങിയെങ്കിലും ഒരാൾക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ലാതെ അധികം നൽകിയ 6612/- രൂപ (2292 + 2744 + 1576) തിരികെ ഈടാക്കാത്ത പക്ഷം അധിക തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിക്കുന്നതാണ്. വിതരണം ചെയ്യാത്ത പഠനോപകരണങ്ങൾ നടപ്പുവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വിതരണം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന സാഹചര്യത്തിൽ ഇതിന് നൽകുന്ന സബ്സിഡി മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുന്നത് പരിഗണിക്കേണ്ടതാണ്. സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ യൂണിഫോം, ചെരുപ്പ് എന്നിവ സ്റ്റോക്കിലില്ലാത്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇവക്കായി ചെലവഴിച്ച 3700/- രൂപയും സപ്ലൈയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആകെ അധിക ചെലവ് 10312/- രൂപ (6612 + 3700) നിരാകരിക്കുന്നു.

## 3-5 ഹരിതഗ്രാമം പദ്ധതി-അപാകങ്ങൾ

ഹരിതഗ്രാമം (പ്രോജക്ട് നമ്പർ – 0125/16)
ബിൽ നം – 02/15-16 Rs.3,00,000/- തിയതി-29.03.16
ബിൽ നം – 03/15-16 Rs.5,00,000/- തിയതി-29.03.16

2015-16 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഹരിത ഗ്രാമം പദ്ധതിയിൽ (പ്രോജക്ട് നം- എസ് 0125/16) വിവിധ വാർഡുകളിലെ കർഷക ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി (ഒരു ഏക്കറിന് 4000/- രൂപ നിരക്കിൽ ) പ്ലാൻ ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും 8,00,000/-രൂപ പിൻവലിച്ചിട്ടുണ്ട്. 2016 മാർച്ച് 29 ന് പിൻവലിച്ച 8,00,000/-രൂപ കൃഷി ഓഫീസറുടെ പേരിൽ ചേർത്തല തെക്ക് സർവ്വീസ് സഹകരണ ബാങ്ക് നം-1344ൽ 416ാം നമ്പറായി ആയി 15/06/2016 ൽ തുടങ്ങിയ അക്കൗണ്ടിൽ 20/06/2016 ൽ മാത്രമാണ് നിക്ഷേപിച്ചിട്ടുള്ളത്. അക്കൗണ്ടിൽ നിന്നാണ് കർഷകഗ്രൂപ്പുകൾക്കുള്ള സബ്സിഡി നൽകിയിട്ടുള്ളത്. അക്കൗണ്ട് പാസ്സ്ബുക്ക് പരിശോധിച്ചതു പ്രകാരം പദ്ധതിപ്പണമായ 8,00,000/- രൂപയിൽ 60,500/- രൂപ ചെലവഴിക്കപ്പെടാതെ ഈ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. അക്കൗണ്ടിൽ നിന്നും ക്യാഷായി തുക പിൻവലിച്ചതല്ലാതെ ഏതെല്ലാം ഗ്രൂപ്പുകൾക്ക് എത്ര രൂപ വീതമാണ് നൽകിയത് എന്ന വിവരം ബാങ്ക് പാസ്സ്ബുക്ക് പ്രകാരം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2016 മാർച്ച് 29 ന് പിൻവലിച്ച 8,00,000/- രൂപ 20/06/2016 വരെ കൈവശം സൂക്ഷിച്ചതിനും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന പണം സർക്കാർ അക്കൗണ്ടിൽ യഥാസമയം തിരിച്ചടക്കാത്തതിനും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. നിയമസഭ ഇലക്ഷൻ ഡ്യൂട്ടിയിലായതിനാലാണ് പദ്ധതി നിർവ്വഹണം വൈകിയത് എന്നാണ് കൃഷി ഓഫീസർ അറിയിച്ചത്. എന്നാൽ ഇലക്ഷൻ റിസൾട്ടിന് ശേഷം ഒരുമാസം കഴിഞ്ഞുമാത്രമാണ് ബാങ്കിൽ പണം നിക്ഷേപിച്ചിട്ടുള്ളത്. പദ്ധതിയിൽ സബ്സിഡി ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ സബ്സിഡി കൈപ്പറ്റിയ പല കർഷകരുടേയും അപേക്ഷകളിൽ കൃഷി സ്ഥലം പാട്ടത്തിന് എടുത്തിരിക്കുന്നത് 2016 മാർച്ച് അവസാനവാരം മാത്രമാണ്. കാർഷിക പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിൽ മാത്രമുള്ളവർക്കുള്ള സബ്സിഡി തുകയും മുൻകൂറായി ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. പദ്ധതി മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ലാത്തതാണ് ഈ വീഴ്ചകൾക്ക് പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അനധികൃതമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പദ്ധതിപ്പണം നിയമാനുസൃത പിഴ സഹിതം പ്ലാൻഫണ്ടിൽ തിരിച്ചടച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-6 പദ്ധതിപ്പണം ചെലവഴിക്കാതെ കൈവശം സൂക്ഷിക്കുന്നു

സ്കൂൾ ലൈബ്രറി (പ്രോജക്ട് നം -S0052/16)

(ബിൽ നം -04/2015-16 Rs.100790/- c/o 31.0.2016)

2015-16 സാമ്പത്തിക വർഷത്തിൽ ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ചേർത്തല നോർത്ത് നടപ്പിലാക്കിയ സ്കൂൾ ലൈബ്രറി പദ്ധതിയിൽ (പ്രോജക്ട് നം- എസ് 0052/16) പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ ലൈബ്രറികൾക്കായി അലമാര, റാക്ക്, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി വികസനഫണ്ടിൽ നിന്നും 1,00,790/- രൂപ പിൻവലിച്ചിട്ടുണ്ട്. ലൈബ്രറി ഫർണ്ണീച്ചർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തത് തമ്പുരാൻ കാലയിൽ ട്രേഡ്ലിങ്ക്സ് എന്ന സ്ഥാപനമാണ്. സ്ഥാപനം 26.03.2016 ൽ നൽകിയ ഇൻവോയ്സ് പ്രകാരം 31.03.2016 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 1,00,790/- രൂപക്ക് SBT യിൽ നിന്നും എടുത്ത ഡി.ഡി ( DD-563095, dt 16/04/16) ഇപ്പോഴും നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിക്കുന്നുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാതെ സ്ഥാപനത്തിന്റെ പേരിൽ ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനും അനധികൃതമായി കൈവശം സൂക്ഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഓഡിറ്റ് വേളയിൽ സപ്ലൈയർ ഫർണ്ണീച്ചർ എത്തിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.എന്നാൽ പദ്ധതി പ്രകാരം വിവിധ സ്കൂളുകൾക്ക് നൽകേണ്ട ഫർണ്ണീച്ചർ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.സാധനങ്ങൾ സപ്ലൈ ചെയ്യാതെ ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതും പദ്ധതി നടപ്പിലാക്കുന്നതിൽ വലിയ കാലതാമസം വരുത്തിയതും പദ്ധതി നിർവ്വഹണത്തിലെയും പദ്ധതി മോണിറ്ററിംഗിന്റെയും ഗുരുതര വീഴ്ചയാണ്.ഫർണ്ണീച്ചർ വിതരണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകത സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.

## 3-7 അംഗൻവാടി അധിക വേതനം-തുക നൽകിയിട്ടില്ല

അംഗൻവാടി അധിക വേതനം (പ്രോജക്ട് നം-47/2016)

ബിൽ നം -06/2015-16 Rs.63450 dtd 22.12.15

ബിൽ നം -09/2015-16 Rs.63,375 dtd 18.03.16

2015-16 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നടപ്പിലാക്കിയ അംഗൻവാടി അധിക വേതനം (പ്രോജക്ട് നം – 47/2016) എന്ന പദ്ധതിയിൽ അധിക വേതനം നൽകുന്നതിനായി പ്ലാൻ ഫണ്ട് (ജനറൽ) ൽ നിന്നും പിൻവലിച്ച 126825/- രൂപയിൽ വൗച്ചറിനൊപ്പം 42,30/- രൂപയുടെ ചെലവു വിവരങ്ങളില്ല. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്കായി അധിക വേതനം നൽകിയതിന്റെ അക്വിറ്റൻസ് പരിശോധിച്ചതിൽ 2015 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലെ വേതനത്തിനായി പിൻവലിച്ച 63,375/- രൂപയിൽ 840/- രൂപ ആരും കൈപ്പറ്റിയിട്ടില്ല. താത്കാലിക ജീവനക്കാരായി നിയമിച്ചവർക്കുള്ള വേതനമാണ് നൽകാത്തതായുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കാതെ അനധികൃതമായി കൈവശം സൂക്ഷിച്ചതും യഥാസമയം തിരികെ പ്ലാൻ ഫണ്ടിൽ അടക്കാത്തതും പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ വീഴ്ചയാണ്. അധിക തുക പ്ലാൻ ഫണ്ടിൽ തിരികെ അടക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് വേലകളിൽ ഗുഡ് ഗ്രാവലി എർത്ത് ഫില്ലിംഗ് നിരീക്ഷിത നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി.

2015-16 ൽ നടപ്പിലാക്കിയ മരാമത്ത് വേലകളുടെ ഫയൽ പരിശോധിച്ചതിൽ സപ്ലയിംഗ് ആന്റ് സ്റ്റാക്കിംഗ് ഗുഡ് ഗ്രാവലി എർത്ത് എന്നയിനത്തിന് ഡി.എസ്.ആർ പ്രകാരമുള്ള നിരക്കിൽ ലഭ്യമല്ലാത്തതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം തയ്യാറാക്കിയ ഒബ്സർവ്ഡ് ഡേറ്റ പ്രകാരം ചേർത്തല താലൂക്കിൽ അനുവദിക്കാവുന്ന നിരക്ക് കരാറുകാരന്റെ ലാഭം, ഓവർഹെഡ് ഉൾപ്പെടെ 1225/$m^3$ രൂപയാണ്. എന്നാൽ ഇതിന് വിരുദ്ധമായി 1325.35/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി തുക നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

ചേർത്തല താലൂക്കിൽ അനുവദനീയമായ ഒബ്സർവ്ഡ് ഡേറ്റ

$1m^3$ ഗ്രാവൽ – 650

കൺവേയൻസ് 40km – 404.66

വാട്ടർ ചാർജ്ജ് 1% – 10.54

CP, OH 15% – 159.78

ആകെ – $1225/m^3$

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അളവ് പുസ്തകം / കരാറുകാരൻ | ഗ്രഡ്എർത്ത് സ്റ്റാക്കിംഗിന്റെ അളവ് | അനുവദിക്കാവുന്ന നിരക്ക് / തുക | അനുവദിച്ച നിരക്ക്/ തുക | അധികം അനുവദിച്ച തുക | ബിൽ നമ്പർ |
|---|---|---|---|---|---|---|---|
| 1 | ഫിഷറീസ് സ്കൂൾ അറവുകാട് റോഡ് ടാറിംഗ് | 17/14-15 സ്വാമിനാഥൻ | $5.77m^3$ | $1225/m^3$ 7068 | $1325.35/m^3$ 7647 | 579 | 12/15-16/ 15.1.16 441759.00 |
| 2 | കുട്ടുകുടുംബം തട്ടാക്കട റോഡ് ടാറിംഗ് | 63/13-14 സ്വാമിനാഥൻ | $6.93m^3$ | $1225/m^3$ 8489 | $1325.35/m^3$ 9185 | 696 | 14/15-16 18.5.15 530735 |
| 3 | അരീപ്പറമ്പ് കുറ്റപ്പം പറമ്പ് റോഡ് | 6/14-15 ശിവദാസ് കെ.ആർ | $5.48m^3$ | $1225/m^3$ 6713 | $1325.35/m^3$ 7263 | 550 | 18/15-16 25.1.16 385574 |
| ആകെ | | | | | | 1825 | |

അധികം നൽകിയ 1825/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-9 എസ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ– മുഴുവൻ പേർക്കും വിതരണം ചെയ്തിട്ടില്ല

എസ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ - (പ്രോജക്ട് നം – എസ് . 0099/16)

(ബിൽ നം-32/15-16 Rs.35,964/- തിയതി – 16.03.2016 )

ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 9വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകുന്നതിനായി 2015-16 ൽ 35964/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാഡ്കോയിൽ നിന്നാണ് പദ്ധതി പ്രകാരം 9 സ്റ്റീൽ ടേബിൾ, 9 സ്റ്റീൽ ചെയർ എന്നിവ വാങ്ങിയത്. പദ്ധതി രേഖകൾ പ്രകാരം 9 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങിയെങ്കിലും 8 പേർക്ക് മാത്രമാണ് വിതരണം ചെയ്തതായി രേഖയുള്ളത്. ശ്രീ. ലാലൻ, കുട്ടുങ്കൽ എന്നയാളുടെ മകൾ ശ്രുതിമോൾക്കുള്ള ഫർണ്ണീച്ചർ നൽകിയിട്ടില്ല. കുട്ടി സ്കൂളിൽ പോകുന്നത് നിർത്തിയതിനാലാണ് ആനുകൂല്യം വിതരണം ചെയ്യാത്തത് എന്നും അടുത്ത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനായി ഫർണ്ണീച്ചർ സൂക്ഷിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. നടപ്പു വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഫർണ്ണീച്ചർ വിതരണം നടത്തി വിവരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-10 ജാതി കൃഷി വ്യാപനം കൂടിയ നിരക്കിന് അനുബന്ധരേഖകളില്ല

ജാതി കൃഷി വ്യാപനം (പ്രോജക്ട് നമ്പർ – 0053/16)
ബിൽ നം – 01/2015-16, Rs. 51150/-, തീയതി. 29.03.16

2015-16 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ജാതി കൃഷി വ്യാപനം പദ്ധതിയിൽ (പ്രോജക്ട് നം- എസ് 0053/16) ജാതി തൈകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ റെയ്ഡ്കോ കേരള, കെയ്കോ, ഫ്ലോറ ഗാർഡൻസ്, പൊന്നാട് എന്നീ സ്ഥാപനങ്ങളാണ് ജാതി തൈ ഒന്നിന് യഥാക്രമം Rs.249.49, Rs.337.50, Rs.620/- നിരക്കുകൾ ക്വാട്ട് ചെയ്തത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റെയ്ഡകോയുടെ ടെണ്ടർ 17.07.15 ലെ II (1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ ഏറ്റെടുക്കുന്നതിന് റെയ്ഡ്കോ വിസ്സമ്മതിച്ചതിനാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുള്ള ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തുന്നതിന് 27.02.16 ലെ I (iii) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ടെണ്ടർ പ്രകാരമുള്ള രണ്ടാമത്തെ നിരക്ക് കെയ്കോ സമർപ്പിച്ച 337.50 രൂപ ആണെന്നിരിക്കെ അവർക്ക് സപ്ലൈ ഓർഡർ നൽകിയതിന്റെ വിവരങ്ങളൊന്നുമില്ലാതെ ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത (Rs.620/-) ഫ്ലോറ ഗാർഡൻസിൽ നിന്നാണ് 27.03.16 ലെ 327 നമ്പർ ബില്ല് പ്രകാരം 110 ജാതി തൈകൾ വാങ്ങിയത്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച സ്ഥാപനത്തിൽ നിന്നും എന്തുകൊണ്ട് വാങ്ങൽ നടത്തിയില്ല എന്നതിനുള്ള കൃത്യമായ രേഖകൾ, ഏറ്റവും ഉയർന്ന നിരക്കിൽ ജാതി തൈകൾ വാങ്ങിയതിനുള്ള പഞ്ചായത്ത് നിർദ്ദേശം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 51,150/- തടസ്സപ്പെടുത്തുന്നു.

## 3-11 വിദ്യാർത്ഥിനികൾക്ക് പഠനമുറി -ആനുകൂല്യം നൽകിയത് മാർഗ്ഗരേഖ പ്രകാരമല്ല

വിദ്യാർത്ഥിനികൾക്ക് പഠനമുറി -എസ്.സി (പ്രോജക്ട് നം- എസ് 0039/16)

(ബിൽ നം- 15/15-16 Rs.96000/- തിയതി- 12.02.2016

ബിൽ നം- 31/15-16 Rs.35964/- തിയതി- 16.03.2016

ബിൽ നം- 39/15-16 Rs.768000/- തിയതി-19.03.2016)

2015-16 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 9 എസ്.സി വിദ്യാർത്ഥിനികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ഒന്നിന് 96,000/- രൂപ വീതം ആകെ 864000/- രൂപയും ഫർണ്ണീച്ചർ വാങ്ങുന്നതിനായി 4000/- രൂപ വീതം 35,964/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ വകുപ്പ് പുറത്തിറക്കിയ മാനദണ്ഡങ്ങൾ അടിസ്ഥാമാക്കിയല്ല (സ.ഉ (സാധാ) നം – 626/2016/തസ്വഭവ തീയതി. 15.02.2016) ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ വാസയോഗ്യമായ 800 sq.ft ൽ താഴെ വിസ്തീർണ്ണമുള്ള വീട്ടുള്ളവരാണ്, പഠനമുറി പുതുതായി നിർമ്മിച്ച 120 sq.ft ൽ കുറയാത്ത വിസ്തീർണ്ണമുള്ളവയാണ്, എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും എഞ്ചിനീയറുടെ മെഷർമെന്റിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത് എന്നീ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച രേഖകൾ പദ്ധതി ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സർക്കാർ നിർദ്ദേശം ഉത്തരവാകുന്നതിന് മുമ്പ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതിനാലാണ് ഉത്തരവ് പ്രകാരമുള്ള രേഖകളില്ലാതെ തുക നൽകിയെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കിയത്. സർക്കാർ ഉത്തരവ് (സാധാ) നം-626/2016/തസ്വഭവ, തീയതി. 15.02.2016 ന് ശേഷം വിതരണം ചെയ്ത ആനുകൂല്യങ്ങളിലും നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല. സർക്കാരിൽ നിന്നുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ പൂർത്തിയാക്കേണ്ടതാണ്.

## 3-12 മുച്ചക്രവാഹനം വിതരണ പദ്ധതി - അർഹതയില്ലാത്തയാളിന് ധനസഹായം

നൽകി

മുച്ചക്രവാഹനവിതരണം-എസ്.സി(പ്രോജക്ട്നം-എസ് 0014/16)

(ബിൽ നം-6/15-16 Rs.50,000/- തിയതി-30.09.2015 & ബിൽ നം-34/15-16 Rs.50,000/- തിയതി-19.03.2016 )

ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭമായി മുച്ചക്രവാഹനം നൽകുന്നതിനായി 2015-16 ൽ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ. അനിൽരാജ്, അതുൽ നിവാസ്, ചേർത്തല തെക്ക് പി.ഒ., ശ്രീ.സോഫിറ്റ്, യക്ഷിവെളി, മായിത്തറ. പി.ഒ എന്നിവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓട്ടോറിക്ഷ വിതരണ പദ്ധതി വായ്പാബന്ധിതമായാണ് നടപ്പിലാക്കേണ്ടത്, ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉള്ളവരാകണം, സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സ്വയം തൊഴിലിനായി ധനസഹായം ലഭിച്ചവരാകരുത്. പദ്ധതി രേഖകൾ പരിശോധിച്ചതു പ്രകാരം ആനുകൂല്യം നൽകിയ ശ്രീ. അനിൽരാജ്, അതുൽ നിവാസ് എന്നയാളുടെ ട്രാൻസ്പോർട്ട് ലൈസൻസ് 15/05/2010 ന് ശേഷം പുതുക്കിയിട്ടില്ല. ബാഡ്ജ് 16.05.2007 ലേതാണ്. ഇതിനു ശേഷം ഇത് പുതുക്കിയിട്ടില്ല. സ്വയം തൊഴിൽ ആനുകൂല്യം കൈപ്പറ്റിയാൾക്ക് വാഹനം നിരത്തിലോടിക്കുന്നതിനുള്ള നിയമപരമായ രേഖകളുണ്ടെന്നുറപ്പി ക്കാതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ശ്രീ. സോഫിറ്റ്, യക്ഷിവെളി എന്നയാളുടെ സബ്സിഡി തുകയായ 50,000/- രൂപ ബാക്ക് എൻഡ് സബ്സിഡിയായി ചേർത്തല സിൻഡിക്കേറ്റ് ബാങ്കിലേക്ക് നൽകിയതായി രേഖയുണ്ടെങ്കിലും (ഡി.ഡി നം – 560798, dt 22.03.16) ഗുണഭോക്താവിന് ബാങ്ക് ഈ പദ്ധതിക്ക് ബാങ്ക് വായ്പ അനുവദിച്ച വിവരങ്ങളില്ല ബ്ലോക്കിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയ സർട്ടിഫിക്കറ്റിൽ ഓട്ടോറിക്ഷ വാങ്ങുന്നതിന് മുമ്പ് ധനസഹായം നൽകിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് സ്വയം തൊഴിലുകൾക്കായി ധനസഹായം നൽകിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. സ്വയം തൊഴിലായി വാഹനം ഓടിക്കുന്നതിനുള്ള നിയമപരമായ രേഖകളില്ലാത്തയാൾക്ക് നൽകിയ സബ്സിഡി തുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് അധിക പലിശ ബാധ്യത

ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് (പ്രോജക്ട് നം-S0046/16)

(ബിൽ നം- 1 /15-16 Rs.19,20,000/- തിയതി-30.09.2015) പഞ്ചായത്തിലെ ഇ.എം.എസ് ഭവനപദ്ധതിക്കായി ചേർത്തല സൗത്ത് സർവ്വീസ് സഹകരണ ബാങ്ക് നം-1344, കിഴക്കേനാല്പതിൽ സർവ്വീസ് സഹകരണ ബാങ്ക് നം – 1164, അർത്തുങ്കൽ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് എന്നീ സഹകരണ ബാങ്കുകളിൽ നിന്നാണ് പഞ്ചായത്ത് ഭവനവായ്പ എടുത്തിട്ടുള്ളത്. ഈ സ്കീമിൽ വായ്പയെടുത്ത തുക പഞ്ചായത്തും 10% നിരക്കിലുള്ള പലിശ സംസ്ഥാന സർക്കാരുമാണ് അടക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ അരീപ്പറമ്പ് നിർവ്വഹണം നടത്തിയ S0046/16 നമ്പർ പദ്ധതി പ്രകാരം 2015 -16 ൽ വികസന ഫണ്ടിൽ നിന്നും 19,20,000 രൂപ ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വകയിരുത്തിയിരുന്നു. ഈ സംഖ്യ ബിൽ നമ്പർ 01/15-16 പ്രകാരം 29/09/2015 ൽ ട്രഷറിയിൽ നൽകുകയും ട്രഷറി 30/09/2015 ൽ ബിൽ പാസ്സാക്കുകയും ചെയ്തിട്ടുള്ളതായി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുക നിർവ്വഹണ ഉദ്യോഗസ്ഥ ഡി.ഡിയാക്കിയിട്ടുള്ളത് 07/10/2015 ൽ മാത്രമാണ്. 07/10/2015 ൽ ഡി.ഡി ലഭിച്ചുവെങ്കിലും പഞ്ചായത്ത് ഓഫീസിനു സമീപമുള്ള സർവ്വീസ് സഹകരണ ബാങ്കുകളിൽ ഡി.ഡി കൈപ്പറ്റിയിരിക്കുന്നത് 13/11/2015 ലാണ്. ഡി.ഡി ചേർത്തല സൗത്ത് സർവ്വീസ് സഹകരണ ബാങ്ക്-17/11/15 (ഡി.ഡി നമ്പർ 669184 dt 07/10/15), കിഴക്കേനാല്പതിൽ സർവ്വീസ് സഹകരണ ബാങ്ക്-18/11/15 (ഡി.ഡി നമ്പർ 669183 dt 07/10/15), അർത്തുങ്കൽ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്-15/11/15 (ഡി.ഡി നമ്പർ 669183 dt 07/10/15) തിയതികളിൽ ലോൺ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. 30/09/2015 ൽ ട്രഷറിയിൽ നിന്ന് പിൻവലിക്കപ്പെട്ട പണം 43 ദിവസങ്ങൾക്ക് ശേഷമാണ് ബന്ധപ്പെട്ട ബാങ്കുകളിൽ നൽകിയത്. വായ്പ തിരിച്ചടവിനായി പിൻവലിച്ച പണം യഥാസമയം വിനിയോഗിക്കാതിരുന്നത് മൂലം 19,20,000/- രൂപയുടെ പലിശയിനത്തിൽ 22,619/- രൂപ (1920000x10%x 43/365) സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ അധികച്ചെലവുണ്ടാക്കി. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-14 പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.-0064/15)-അനുവദിനീയമല്ലാത്ത ചെലവുകൾ

പാലിയേറ്റീവ് കെയർ (Project no-0064/15)

ബിൽ നം-1/2015 -16 Rs.1,08,330/- dtd 25.08.15

ബിൽ നം-4/2015-16 Rs.1,01,030/- dtd 25.12.15

ബിൽ നം-7/2015-16 Rs.1,91,112/- dtd 28.03.16

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ (പ്രോജക്റ്റ് നം- എസ് 0064/15) സ്വാന്തനപരിചരണത്തിൽ പങ്കെടുക്കുന്ന ആശ പ്രവർത്തകർക്ക് ട്രെയിനിംഗിന് പ്രതിഫലം നൽകുന്നതിനായി ബിൽ നം-7/2015-16 ലെ വൗച്ചർ നം 28 തി 21.03.16പ്രകാരം 5472/- രൂപ (Rs.3000+2472) തനതുഫണ്ടിൽ നിന്നും 15528 രൂപ എന്നിങ്ങനെ ആകെ 21,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയതി 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) പ്രകാരമോ സബ്സിഡി മാർഗ്ഗരേഖ പ്രകാരമോ പാലിയേറ്റീവ് പരിചരണത്തിൽ പ്രവർത്തിച്ചുവരുന്ന സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നല്കുന്ന സന്ദർഭങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം നല്കുന്നതിനായി പരമാവധി 60രൂപയും മറ്റ് പരിശീലനചെലവുകൾക്കായി പരമാവധി 2000രൂപയുമാണ് ചെലവഴിക്കുന്നതിന് അനുമതിയുള്ളത്. ഇവയല്ലാതെ പരിശീലനത്തിൽ പങ്കെടുക്കുന്ന പ്രവർത്തകർക്കുള്ള പ്രതിഫലം ഉൾപ്പെട്ടിട്ടില്ല. ഈയിനങ്ങളിൽ ഉൾപ്പെടാത്ത തുക പ്രതിഫലം നൽകുന്നതിനായി ചെലവഴിച്ചതിന് പ്രത്യേക സർക്കാർ അനുമതിയോ നിർദ്ദേശമോ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയതി 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) പ്രകാരം എന്നിവ പ്രകാരം പാലിയേറ്റീവ് പരിപാടികൾ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും കൈക്കൊള്ളേണ്ടതും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയാണ്.രണ്ട് മാസത്തിലൊരിക്കൽ കൂടേണ്ട ഈ കമ്മിറ്റി 2015-16 സാമ്പത്തിക വർഷത്തിൽ കൂടിയിട്ടില്ല. പാലിയേറ്റീവ് നഴ്സ് തയ്യാറാക്കി സൂക്ഷിക്കേണ്ട പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കാണ് ഓരോ ദിവസത്തെയും ഗൃഹസന്ദർശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്ന ആധികാരിക രേഖ. ഈ ബുക്കിൽ ഹോം കെയർ തുടങ്ങിയ സമയം, ടീമംഗങ്ങളുടെ വിവരം, രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗികളുടെ അവസ്ഥ, ചെയ്ത സേവനങ്ങൾ, എന്നിവയെല്ലാം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരമാണ് ഭവനസന്ദർശനം നടത്തുന്ന ദിവസങ്ങളിലെ വാഹന വാടക, ഭക്ഷണച്ചെലവ് എന്നിവ അനുവദിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് പരിചരണത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരം ഭവനസന്ദർശനം നടത്തിയിട്ടുള്ള ടീമംഗങ്ങളുടെ എണ്ണത്തിലുമധികം തുക അതാത് ദിവസങ്ങളിൽ ഭക്ഷണച്ചെലവായി (ഒരാൾക്ക് 70രൂപ നിരക്കിൽ )നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹോംകെയർ രജിസ്റ്ററിലെ/ വൗച്ചർ തിയതി | ഹോംകെയർ രജിസ്റ്റർ പ്രകാരമുള്ള ടീമംഗങ്ങളുടെ എണ്ണം | ബില്ല് പ്രകാരമുള്ള അംഗങ്ങളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 13.04.15 | 3 | 6 | 420/- |
| 2 | 21.04.15 | 4 | 6 | 420/- |
| 3 | 04.06.15 | 4 | 6 | 420/- |
| 4 | 09.06.15 | 4 | 6 | 420/- |

| | | | | |
|---|---|---|---|---|
| 5 | 20.06.15 | 3 | 6 | 420/- |
| 6 | 21.07.15 | 4 | 6 | 420/- |
| 7 | 21.11.15 | 2 | 5 | 350/- |
| 8 | 21.02.16 | 3 | 5 | 350/- |
| 9 | 03.03.16 | 4 | 6 | 420/- |

ഹോം കെയർ റിപ്പോർട്ട് ബുക്കിൽ എല്ലാവരുടേയും പേരുകൾ ചേർക്കാൻ വിട്ടുപോയതിനാലാണ് ഇപ്രകാരം വന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദിക്കാത്ത ഇനങ്ങളിൽ ചെലവഴിച്ച 21000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 മത്സ്യത്തൊഴിലാളികൾക്ക് 'മത്സ്യബന്ധന വല വിതരണം' പദ്ധതിയിലെ അപാകതകൾ

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്വന്തമായി വള്ളമുള്ള, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വവും വരുമാന പരിധി 50,000/- രൂപയിൽ കവിയാത്തവരുമായ മത്സ്യത്തൊഴിലാളികൾക്ക് മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം മത്സ്യബന്ധന വല വാങ്ങുന്നതിനായി പരമാവധി 4000/- രൂപ വരെ സബ്സിഡി നല്കാവുന്നതാണ്. എന്നാൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പിലാക്കിയ മത്സ്യ ബന്ധന വല വിതരണം (പ്രോജക്ട് നം S0038/16) പദ്ധതി പ്രകാരം ഇതേ ആനുകൂല്യം കൈപ്പറ്റി മൂന്ന് വർഷം പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് വീണ്ടും ആനുകൂല്യം നല്കിയിട്ടുണ്ട്. 2012-13 ൽ പ്രോജക്ട് നം. S0018/13, ചെക്ക് നം. 83848 തീ. 14.03.2013 പ്രകാരം 4000/- രൂപ വീതം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 2015-16 ലും ആനുകൂല്യം നല്കിയിട്ടുണ്ട്. (ബിൽ നം 35/16 തീ. 28.03.2016, 1,44,000/- രൂപ)

1. സെബാസ്റ്റ്യൻ ജോസഫ്, പഴമ്പാശ്ശേരി
2. ജോൺ സേവ്യർ, കാക്കരി
3. രാജൻ കൊച്ചുകുഞ്ഞ്, നമ്പിശ്ശേരിൽ

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അർഹതയില്ലാത്തവർക്കായി ചെലവഴിച്ച 12,000/- രൂപ നിരാകരിക്കുന്നു.

## 3-16 കാൻസർ നിർണ്ണയ പരിപാടി -പദ്ധതി അനുബന്ധ ചെലവിനത്തിൽ വൻതുക

കാൻസർ നിർണ്ണയ പരിപാടി (പ്രോജക്ട് നം-S0031/16)

രോഗനിർണ്ണയം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ പ്രധാനമായും ആരോഗ്യവകുപ്പ് മുഖാന്തിരം സർക്കാർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഇവയെല്ലാം തന്നെ വിവിധ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാകുമെന്നിരിക്കെ ക്യാമ്പ് നടത്തി അനുബന്ധ കാര്യങ്ങൾക്കായി വലിയ തുക ചെലവഴിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം (ജി.ഒ (എം.എസ്) നം. 229/2012/LSGD, തീയതി. 25.08.2012, ജി.ഒ (എം.എസ്) നം. 362/2013/LSGD, തീയതി. 16.11.2013) 7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ക്യാമ്പുകൾ, സെമിനാറുകൾ, മറ്റു പരിപാടികൾ എന്നിവ വാർഷിക പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ വിദൂര പ്രദേശത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ചേർത്തല തെക്ക് പഞ്ചായത്തിൽ നടത്തിയ ക്യാൻസർരോഗ പരിശോധന ക്യാമ്പിൽ പദ്ധതിയുടെ യഥാർത്ഥ ഭൗതിക ലക്ഷ്യമായ കാൻസർ

നിർണ്ണയത്തിനായി ചെലവഴിച്ചതിലും അധികം തുകയാണ് പങ്കെടുത്തവർക്ക് ഉച്ചഭക്ഷണം, മിനറൽ വാട്ടർ, ചായയും ലഘുഭക്ഷണവും, പന്തൽ, മൈക്ക് സെറ്റ്, വാഹന വാടക, ഫോട്ടോ, നോട്ടീസ്, ഫ്ലക്സ് എന്നിങ്ങനെ വിവിധ അനുബന്ധ ചെലവുകൾക്ക് നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ആകെ ചെലവഴിച്ച 102850/- രൂപയിൽ 67,660/- രൂപയും (66%) അനുബന്ധച്ചെലവിനത്തിലാണ്. 35190/- രൂപ മാത്രമാണ് ക്യാമ്പ് രജിസ്ട്രേഷൻ, പരിശോധന, രോഗനിർണ്ണയം, ഡോക്ടർമാരുടെ പ്രതിഫലം, യാത്രാക്കൂലിയിനങ്ങളിൽ ചെലവുള്ളത്. ഈ പദ്ധതികളെല്ലാം മോണിറ്ററിംഗിന് വിധേയമാക്കി, പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക മാത്രം ചെലവഴിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-17 വട്ടവെളി കോളനി റോഡ് മെറ്റലിംഗ്- അപാകതകൾ

വട്ടവെളി കോളനി റോഡ് മെറ്റലിംഗ്

പ്രോജക്ട് - 176/16, കൺവീനർ - രംഗനാഥൻ

അളവ് പുസ്തകം - 31/15-16

വട്ടവെളി കോളനി റോഡ് മെറ്റലിംഗ്- എന്ന വേലയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി സി.പി.ഡബ്ല്യൂ.ഡി, ഐറ്റം 16.1 പ്രകാരമുള്ള വേലകൾ ചെയ്യുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ളത്. കൂടാതെ അളവ് പുസ്തക പ്രകാരം ഈ വേല ചെയ്തതായി രേഖപ്പെടുത്തുകയും സി.പി.ഡബ്ല്യൂ.ഡി, ഐറ്റം 2.2.1 പ്രകാരം സപ്ലയിംഗ് ആന്റ് ഫില്ലിംഗ് ഗ്രാവലി എർത്ത് എന്നയിനത്തിന് ഒബ്സർവ്ഡ് ഡേറ്റ പ്രകാരം ചേർത്തല താലൂക്കിൽ അനുവദിക്കാവുന്ന നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ഐറ്റം 16.1 പ്രകാരമുള്ള (പ്രിപ്പറേഷൻ ആന്റ് എർത്ത് വർക്ക് ഇൻ റഫ് എസ്കവേഷൻ, കൺസോളിഡേഷൻ വിത്ത് പവർ റോളർ) വേല റോഡ് ഫോർമേഷനുമായി ബന്ധപ്പെട്ടതാണ്. അളവ് പുസ്തകം പുറം രണ്ട് പ്രകാരം ഈ വേല $72m^3$ ചെയ്തതിന് $893.95/m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി 64364/- രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈയിനത്തിന് അർഹമായ നിരക്കിൽ മൂല്യനിർണ്ണയം നടത്തുന്നതിന് പകരം ഐറ്റം 2.2.1 പ്രകാരം സപ്ലയിംഗ് ആന്റ് ഫില്ലിംഗ് ഗ്രാവലി എർത്ത് എന്നയിനത്തിന് ഒബ്സർവ്ഡ് ഡേറ്റ പ്രകാരം ചേർത്തല താലൂക്കിൽ അനുവദിക്കാവുന്ന നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. സി.പി.ഡബ്ല്യൂ.ഡി ഇനം 16.1 പ്രകാരമുള്ള വേലയ്ക്ക് അനുവദനീയമായ നിരക്കിൽ $(104.26/m^3)$ നൽകാവുന്ന തുക 7507/- രൂപ മാത്രമാണ്. ആകയാൽ അധികം നൽകിയ തുക (64364 – 7507), 56857/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-18 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തികൾക്ക് ഇൻകം ടാക്സ് ഈടാക്കായില്ല.

2015-16ൽ നടപ്പിലാക്കിയ മരാമത്ത് വേലകളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവർത്തികളിൽ ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം 30000/- രൂപയിൽ അധികം വരുന്ന പേയ്മെന്റുകൾക്കും ഒരു വർഷത്തിൽ 75000/- രൂപയിൽ അധികം വരുന്ന പേയ്മെന്റുകൾക്കും വ്യക്തികളിൽ നിന്നും ഒരു ശതമാനവും മറ്റുള്ളവരിൻ നിന്നും രണ്ട് ശതമാനവും നികുതി ഉറവിടത്തിൽ തന്നെ ഈടാക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് വേലകളിൽ നിന്നും ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | കൺവീനറുടെ പേര് | ആകെ മൂല്യം | ഈടാക്കേണ്ട നികുതി 2% | ബിൽ നമ്പർ, തിയതി |
|---|---|---|---|---|---|
| 1 | തൈക്കൽ ബ്രിഡ്ജ് അംബേദ്ക്കർ കോളനി റോഡ് 79/15 | ചിദംബരൻ | 612311 | 12246 | 50/15-16, 30.3.16 |
| 2 | വട്ടവെളി കോളനി റോഡ് മെറ്റലിംഗ് 176/16 | രംഗനാഥൻ | 125380 | 2508 | 49/15-16, 30.3.16 |
| 3 | എസ്.സി. കമ്യൂണിറ്റി ഹാളിന് ചുറ്റുമതിൽ 163/15 | ഓമനക്കുട്ടൻ | 321113 | 6422 | 48/15-16, 30.3.16 |
| 4 | പെരുമ്പാറ ഷാപ്പ് റോഡ് റീ ഗ്രാവലിംഗ് 76/16 | രാജൻ | 66510 | 1330 | 47/15-16, 30.3.16 |
| 5 | തുരുത്തേൽ ഭാഗം കുരിശിങ്കൽ റോഡ് | സെബാസ്റ്റ്യൻ | 165345 | 3307 | 43/15-16, 30.3.16 |
| 6 | അംബേദ്ക്കർ കോളനി റോഡ് നിർമ്മാണം | സുനിൽകുമാർ | 885986 | 17720 | 44/15-16, 30.3.16 |

ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-19 വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകൾ സംബന്ധിച്ച് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 278 ടാപ്പുകളാണ് ഉള്ളത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ വെള്ളക്കരം ഡിമാന്റ് നോട്ടീസ് പ്രകാരം 380 പൊതു ടാപ്പുകളുടെ നികുതിയാണ് പഞ്ചായത്ത് ഇപ്പോഴും ഒടുക്കിവരുന്നത്. 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികളിലൂടെ ധാരാളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതിന് ആനുപാതികമായി പൊതു ടാപ്പുകളുടെ എണ്ണത്തിൽ യാതൊരു കുറവും വന്നിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകൾ സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്. ടി. പരിശോധനയിലൂടെ നിലവിലില്ലാത്തതും ഉപയോഗ ശൂന്യമായതും ഭാഗികമായി മാത്രം പ്രവർത്തിക്കുന്നവയുമായ ടാപ്പുകളുടെയും വെള്ളക്കരം നൽകേണ്ട സ്ഥിതിവിശേഷം ഒഴിവാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ഭൂമി വാങ്ങൽ -റ്റി.എസ്.പി അപാകതകൾ

ഭൂമി വാങ്ങൽ -റ്റി.എസ്.പി (പ്രോജക്റ്റ്നം-എസ് 0017/16)

(ബിൽ നം-23/15-16 Rs.149,640/- തിയതി-16.03.2016 )

ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 3 സെന്റ് ഭൂമി വാങ്ങി നൽകുന്നതിനായി 2015-16 ൽ 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീമതി. സരിത. എ, വനസ്വർഗ്ഗം, അർത്തുങ്കൽ പി.ഒ. എന്നയാൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയത്. പദ്ധതി രേഖകൾ പ്രകാരം ശ്രീമതി. സരിത.എ. യുടെ പേരിലോ കുടുംബസ്വത്തായോ സ്വന്തം നാടായ കരുമാല്ലൂർ വില്ലേജിലും ഭർത്താവ് ശ്രീ. ഷിബുവിന്റെ പേരിൽ നാടായ അർത്തുങ്കലും സ്വന്തമായി ഭൂമിയോ കുടുംബസ്വത്തായി 3 സെന്റ് ഭൂമി ലഭിക്കാനോ സാധ്യത ഇല്ലാത്തതായി വില്ലേജ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീമതി. സരിത.എ. ഹാജരാക്കിയ തിരിച്ചറിയൽ രേഖയിൽ (ആധാർ) മേൽവിലാസമായി കളപ്പുരക്കൽ വെളി, അരൂർ, അരൂർ എസ്.ഒ. പിൻ- 688534 എന്ന മേൽവിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ശ്രീമതി. സരിത, ഭർത്താവ് എന്നിവരുടെ പേരിൽ അവരവരുടെ വില്ലേജുകളിലല്ലാതെ ഭൂമിയുണ്ടോ എന്നത് സംബന്ധിച്ച രേഖകളില്ല. ആധാർ കാർഡ് എടുക്കുന്ന സമയത്ത് ഈ വിലാസത്തിൽ താത്കാലികമായി അവിടെ താമസിച്ചതാണ് എന്ന് ഗുണഭോക്താവ് അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ആനുകൂല്യത്തിനായി ഹാജരാക്കിയ രേഖകളിൽ സ്ഥിരമേൽവിലാസമായി അരൂർ ചേർത്തിരിക്കുന്ന സാഹചര്യത്തിൽ ശ്രീമതി.സരിത. എ, ഭർത്താവ് എന്നിവരുടെ പേരിൽ അവരവരുടെ വില്ലേജുകളിലല്ലാതെ ഭൂമിയുണ്ടോ എന്നത് ഉറപ്പുവരുത്തേണ്ടിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച രേഖകളില്ലാതെയാണ് ആനുകൂല്യം നൽകിയത്. ആവശ്യമായ മുഴുവൻ രേഖകളും പരിശോധിച്ചുറപ്പു വരുത്തി മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-21 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങലിലെ അപാകങ്ങൾ

ആയുർവ്വേദ ആശുപത്രിക്ക് ആരോഗ്യ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ പര്യാപ്തമായ അളവിൽ ലഭിക്കുന്നില്ലെങ്കിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ആശുപത്രിക്കാവശ്യമായ മരുന്നുകൾ വാങ്ങി നല്കി മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്താവുന്നതാണ്. എന്നാൽ മരുന്ന് വാങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിക്കാതെയാണ് 2015-16 ലെ 'ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്റ്റ് നം. S0041/16 പ്രകാരം 10,25,000/- രൂപ ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ധനകാര്യ പത്രികയും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
   ധനകാര്യ പത്രിക പ്രകാരമുള്ള വികസനഫണ്ട് പൊതുവിഭാഗം എസ്.സി.പി, ടി.എസ്.പി എന്നിവയിലെ വരവ് ചെലവുകളും സാംഖ്യ സമ്പ്രദായത്തിലെ എ.സി.ആർ പ്രകാരമുള്ള വരവ് ചെലവുകളും I- VII പ്രൊഫോർമ പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. രജിസ്റ്ററുകളും ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
   ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും അക്കൗണ്ട്സും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ബി - ഫണ്ട് ഇനത്തിൽ, വാർദ്ധക്യ കാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം എന്നിവയുടെ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റും ധനകാര്യപത്രികയിലെ ഷെഡ്യൂൾ I-6 ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷൻ ടാക്സ്, ഡി & ഓ ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പ്രോപ്പർട്ടി ടാക്സ് - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2015-16 ലെ ഡിമാന്റ് ലൈബ്രറി സെസ്സ് ഉൾപ്പെടെ 3108458/-, എന്നാൽ അക്കൗണ്ട്സ് പ്രകാരം 2352122/- രൂപയാണ്.

5. ധനകാര്യപത്രികയും I-VII പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
വികസന ഫണ്ട് - പൊതു വിഭാഗം, എസ്.സി.പി, ടി.എസ്.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോർമൻസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്ക് അക്കൗണ്ട്സ് പ്രകാരം നീക്കിയിരിപ്പ് ഇല്ലാത്ത വിധത്തിലും I-VII പത്രിക പ്രകാരം നീക്കിയിരിപ്പ് ഉള്ള വിധത്തിലുമാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ മേൽ ഇനങ്ങളുടെ വരവ്-ചെലവുകൾ അക്കൗണ്ട്സും I-VII പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
I-VII പത്രികയിൽ ബി- ഫണ്ട് ഇനത്തിൽ ഡി.ബി.റ്റി ട്രാൻസാക്ഷൻ, എൻ.ആർ.ഇ.ജി.എസ് EFMS ട്രാൻസാക്ഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനപദ്ധതി | 10869/10/ 15.3.2010 | | 5680000 | 3840000 | | 2840000 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 159872 രൂപ വരവുണ്ട്.

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52582521 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65312565 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 209808 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 122150 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | | |
|---|---|---|---|
| 2-1 | 1400 | | പി. ഉദയസിംഹൻ, സെക്രട്ടറി |
| 3-1 | | 39220 | പി. ഉദയസിംഹൻ, സെക്രട്ടറി |
| 3-3 | | 29094 | തങ്കമ്മ. കെ.എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | | 10312 | കെ. ശ്രീകല, ഹെഡ്മിസ്ട്രസ് ഗവ. LPS |
| 3-5 | | 60500 | എൻ.ജി.വ്യാസ്, കൃഷി ഓഫീസർ. |
| 3-8 | | 1825 | പ്രസീജ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 12000 | ബെന്നി വില്യം, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-17 | | 56857 | പ്രസീജ, അസിസ്റ്റന്റ് എഞ്ചിനീയർ |
| അകെ | 1400 | 209808 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 51150 | എൻ. ജി. വ്യാസ്, കൃഷി ഓഫീസർ. |
| 3-12 | 50000 | സെബാസ്റ്റ്യൻ. എഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 21000 | സിമിലാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 122150 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. ഉദയസിംഹൻ, സെക്രട്ടറി | സെക്രട്ടറി, ചേർത്തല തെക്ക് | പൊട്ടയിൽ ഹൗസ്, വാരണം.പി.ഒ., ചേർത്തല |
| എൻ. ജി. വ്യാസ്, കൃഷി ഓഫീസർ. | കൃഷി ഓഫീസർ, കൃഷിഭവൻ കൊഴിഞ്ഞാമ്പാറ. | നമ്പിശ്ശേരിൽ, തൈക്കൽ പി ഒ |
| ഡോ. സിമിലാൽ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്. | കൊല്ലംപറമ്പിൽ, ഒഴത്തിൽ ലെയ്ൻ, നാഗമ്പടം, കോട്ടയം |
| ശ്രീമതി കെ. ശ്രീകല | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്,കുറുപ്പംകുളങ്ങര | ബേബി സദനം, ചേർത്തല തെക്ക് പി.ഒ |
| ശ്രീ. എഫ്. സെബാസ്റ്റ്യൻ | ജൂനിയർ സൂപ്രണ്ട്, എ.ഡി.പി ഓഫീസ്,ആലപ്പുഴ | തെക്കുംമുറിയിൽ, ബി.ഡി.ആർ എ നം-109, കോയിപ്പള്ളി ജംഗ്ഷൻ, തത്തംപള്ളി പി.ഒ. ആലപ്പുഴ 688013 |
| ശ്രീമതി. തങ്കമ്മ കെ.എൻ, | ഐ.സി.ഡി.എസ് സൂപ്പർവൈസർ , | കാളശ്ശേരി വീട്, |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ആലപ്പുഴ അർബൻ,<br>മിനി സിവിൽ സ്റ്റേഷൻ അനക്സ് | പൊള്ളത്തൈ പി.ഒ<br>എസ്.എൽ പുരം, ആലപ്പുഴ |
| ശ്രീ. ബെന്നി വില്യം,<br>ഫിഷറീസ് ഇൻസ്പെക്ടർ | ക്യൂറേറ്റർ, ഫ്രഷ് വാട്ടർ അക്വേറിയം, മലമ്പുഴ | വെളിയിൽ ഹൗസ്,<br>ഗവ.എൽ.പി.എസ് മുഹമ്മ,<br>മുഹമ്മ പി.ഒ |
| ശ്രീമതി. പ്രസീജ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | പ്രദീപ് നിവാസ്<br>അരങ്ങാട്ട് പറമ്പ്<br>ആലത്തൂർ. പി.ഒ.<br>പാലക്കാട് -678541 |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2004-05 & 2005-06 | എൽ.എഫ്.ജി.എ5-161/13/ 09.09.2013 |
| 2006-07 | എൽ.എഫ്.എ.പി5-1292/ 10.10.2012 |
| 2007-08 | എൽ.എഫ്.എ.പി5-1293/ 19.03.2013 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി5-1661/13/ 12.03.14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി5-986/14/ 11.09.14 |
| 2012-13 | എൽ.എഫ്.എ.പി5-478/14/ 17.01.15/09.02.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി5-411/2016/29.04.16/05.05.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി5-411/2016/29.04.16 /05.05.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി5-1309/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ.

ഇ-മെയിൽ - ddhglfalpy@gmail.com
ഫോൺ : 0477 2252753

തീയതി. 21.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ *ചേർത്തല തെക്ക്* ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ *ചേർത്തല തെക്ക്* ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെയും ധനസ്ഥിതിയെയും ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P5-1309/16

Kerala State Audit Department,

District Audit Office,

Alappuzha.

E-mail – ddhglfalpy@gmail.com
Phone : 0477 2252753

Date: 21.11.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of *Cherthala South* Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of *Cherthala South* Gramapanchayat for the year2015-16 except the observations in Para 4-1 of my audit report properly presents true picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha